# നീര ഉത്പാദിപ്പിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം

തിരുവനന്തപുരം: നീരയുടെയും അതിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെയും ഉൽപാദനത്തിന് മന്ത്രിസഭാ യോഗം വ്യവസ്ഥകളോടെ അനുമതി നൽകിയതായി മന്ത്രി കെ. ബാബു അറിയിച്ചു. നീരയുടെ ഉൽപാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിനായി അബ്കാരി ചട്ടങ്ങളിൽ മാറ്റം വരുത്തും. കള്ളുഷാപ്പുകളിൽ നീര വിൽപന നടത്താൻ അനുവദിക്കില്ല. കള്ളു ചെത്ത് മേഖലയിലുള്ളവർക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകും. ചെത്തുതൊഴിലാളികളുടെ അഭാവത്തിൽ ടെക്നീഷ്യൻസിനെ നിയമിക്കും. നീര ടെക്നീഷ്യൻസിനെ കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കും.